നം. CEE/4900/2015/KEAM_2016/TA1

കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# വിജ്ഞാപനം

## മെഡിക്കൽ/എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ കോഴ്സ് പ്രവേശനം–2016

### സാമുദായിക/പ്രത്യേക സംവരണങ്ങൾക്ക് അർഹരായവരുടെയും എം.ബി.ബി.എസ്/ബി.ഡി.എസ് പ്രവേശനത്തിന് യോഗ്യത നേടിയവരുടെയും താല്കാലിക കാറ്റഗറി ലിസ്റ്റ് പ്രസിദ്ധീകരിച്ചു.

2016-ലെ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/മെഡിക്കൽ/ആയുർവേദ റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികളിൽ സാമുദായിക സംവരണം, പ്രത്യേക സംവരണം, ശാരീരിക ക്ഷമത കുറഞ്ഞവർക്കുള്ള സംവരണം എന്നിവയ്ക്ക് അർഹരായവരുടെ താൽക്കാലിക ലിസ്റ്റ് **www.cee-kerala.org** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സ്പോർട്സ് ക്വാട്ടാ കാറ്റഗറിയിൽ വരുന്ന വിദ്യാർത്ഥികളുടെ ലിസ്റ്റ് പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്. കൂടാതെ 2016–ലെ എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലേയ്ക്ക് പ്രവേശനത്തിനായി യോഗ്യത നേടിയവരുടെ കാറ്റഗറി ലിസ്റ്റും ഇതോടൊപ്പം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

അപേക്ഷയോടൊപ്പം വിദ്യാർത്ഥികൾ സമർപ്പിച്ച വാർഷിക കുടുംബ വരുമാനം സംബന്ധിച്ച വിവരങ്ങൾ വിദ്യാർത്ഥികളുടെ പ്രൊഫൈൽ പേജിൽ ദൃശ്യമാണ്. വിദ്യാർത്ഥികൾ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലെ **'KEAM 2016: Candidate Portal'** എന്ന ലിങ്കിലൂടെ അവരവരുടെ ആപ്ലിക്കേഷൻ നമ്പർ, റോൾ നമ്പർ എന്നിവ നൽകി പ്രവേശിച്ചാൽ പ്രൊഫൈൽ പേജ് ദൃശ്യമാകുന്നതാണ്.

കാറ്റഗറി, വാർഷിക കുടുംബ വരുമാനം എന്നിവ സംബന്ധമായി എന്തെങ്കിലും പരാതികൾ ഉള്ളവർ മതിയായ രേഖകൾ/തെളിവുകൾ സഹിതം **'പ്രവേശന പരീക്ഷാ കമ്മീഷണർ, പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം, 5–ാം നില, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം'** എന്ന വിലാസത്തിൽ **25.06.2016 വൈകുന്നേരം 5 മണി**ക്കു മുൻപായി സമർപ്പിക്കണം. നിശ്ചിത സമയത്തിനുശേഷം ലഭിക്കുന്ന പരാതികൾ പരിഗണിക്കുന്നതല്ല.

കൂടുതൽ വിവരങ്ങൾക്ക് ഹെൽപ്പ് ലൈൻ നമ്പരുകളായ **0471 2339101, 2339102, 2339103, 2339104** എന്നിവയിൽ ബന്ധപ്പെടാവുന്നതാണ്.

തിരുവനന്തപുരം
21.06.2016

**പ്രവേശന പരീക്ഷാ കമ്മീഷണർ**